ചെയ്യുകയില്ല. കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള വായ്പകളുടെ ആർ.ആർ. നടപടികളും നിറുത്തിവച്ചിട്ടുണ്ട്. കൃഷിയിറക്കാനാവശ്യമായ സഹായങ്ങളും ചെയ്യുന്നതാണ്. ഹ്രസ്വകാല വായ്പകളും ദീർഘകാല വായ്പകളാക്കി മാറ്റുന്ന കാര്യം സഹകരണ വകുപ്പുമായി അടിയന്തിരമായി ചർച്ച ചെയ്യും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിറുത്തിവച്ച് അടിയന്തിര പ്രമേയം ചർച്ച ചെയ്യാനുള്ള അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

(1) സാമൂഹ്യ വനവൽക്കരണ പരിപാടി

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, പാലോട്, പരുത്തിപ്പള്ളി റേഞ്ചുകളിൽപ്പെടുന്ന ബോണക്കാട് എസ്റ്റേറ്റിനു കിഴക്കുവശമുള്ള ആയിരക്കണക്കിന് ഏക്കർ വിസ്തീർണ്ണമുള്ള പുൽമേടുകളിൽ വലിയ തോതിൽ യൂക്കാലിപ്റ്റസും അക്കേഷ്യയും വച്ചുപിടിപ്പിക്കുന്ന പരിപാടി സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 200 ജോലിക്കാർ കഴിഞ്ഞ ഒരു മാസമായി ഈ ജോലിയിൽ അവിടെ ഏർപ്പെട്ടിരിക്കുകയാണ്. രണ്ടുലക്ഷത്തോളം യൂക്കാലിപ്റ്റസിന്റെയും അക്കേഷ്യയുടെയും തൈകളും ഇതിനുവേണ്ടി ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇത് നടപ്പിലായിക്കഴിഞ്ഞാൽ അവിടത്തെ വിശാലമായ, പ്രകൃതിദത്തമായ പുൽമേടുകളും മുഴുവൻ നശിച്ചു നാമാവശേഷമായിത്തീരുമെന്നു മാത്രമല്ല ആനയ്ക്കും കാട്ടുപോത്തിനും മറ്റു ചെറുകിട വന്യജന്തുക്കൾക്കുമെല്ലാം മേയാനുള്ള പുല്ലും വെള്ളവും നഷ്ടപ്പെടുത്തുന്ന വളരെ മോശമായ പരിസ്ഥിതി മാറ്റവും അവിടെ ഉണ്ടാകും. ഇങ്ങനെ നമ്മുടെ രാജ്യത്തിന്റെ ഇക്കോളജിക്കൽ ബാലൻസ് ഇല്ലാതാക്കി പ്രകൃതിദത്തമായ പുൽമേടുകളും നഷ്ടപ്പെടുത്തുന്ന വലിയ തോതിലുള്ള പരിപാടിയിലാണ് വനസംരക്ഷണം പ്രധാനപ്പെട്ട ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്ന വനം വകുപ്പ് ഏർപ്പെട്ടിരിക്കുന്നത്. ഇത് എന്തിനാണെന്ന് നമുക്കൊക്കെ അറിയാം. ബിർലായ്ക്കും ഗ്വാളിയർ റയോൺസിനും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്കും പുനലൂരിലെ പേപ്പർമില്ലിനുമൊക്കെ സർക്കാരിന് സോഫ്റ്റ് വുഡ് സപ്ലൈ ചെയ്യാനുള്ള ബാദ്ധ്യതയുണ്ടെങ്കിൽ അതിനു മാറ്റ് എന്തെങ്കിലും മാർഗ്ഗം നോക്കണം. സർ, കേരളത്തിൽ ബാക്കി ശേഷിപ്പുള്ളവയിൽ 6 ശതമാനം വനമാണ്. സാറ്റലൈറ്റിൽക്കൂടി എടുത്ത ചിത്രം വച്ചിട്ട് നമ്മുടെ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞൻമാർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമാണിനിഗമനം. 23 ശതമാനം വനഭൂമി ഉണ്ടെന്നു പറയുന്നത് ശുദ്ധ തോഷ്ക്കാണ്. അങ്ങിങ്ങ് ചില പോക്കറ്റുകളിൽ വെറും 6 ശതമാനം മാത്രമേയുള്ളൂ. ആ പോക്കറ്റുകളിൽത്തന്നെ പ്രകൃതിദത്തമായ "റെയിൻ ഫോറസ്റ്റിന്റെ" രണ്ടു പോക്കറ്റുകളുടെയുള്ളത് സൈലന്റ് വാലിയും തെക്ക് ഈ ഭാഗത്തുള്ള അഗസ്ത്യമല റേഞ്ചുമാണ്. അതും നഷ്ടപ്പെടാൻ പോകുകയാണ്. അങ്ങനെ ബാക്കിയുള്ള വനം കൂടി നശിപ്പിക്കാനുള്ള ഒരു തീവ്രയത്ന

LIBRARY ARCHIVES Kerala Legislative Assembly

പരിപാടിയിലാണ് യജ്ഞം പോലെ നമ്മുടെ സർക്കാർ, ഐക്യജനാധിപത്യ മുന്നണി എന്നുള്ള ഓമനപ്പേരിൽ അറിയപ്പെടുന്ന ഈ സർക്കാരും എന്റെ സുഹൃത്ത് ശ്രീമാൻ കെ. പി. നൂറുദ്ദീനും ഏർപ്പെട്ടിരിക്കുന്നത്. ഇതിനെ എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല. വനം വകുപ്പിന് ഇന്ന് പല മുഖങ്ങളുണ്ട്. ഒന്ന് വന നശീകരണ വിഭാഗമാണ്. ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന വനനശീകരണ വിഭാഗം. രണ്ടാമത്തേത് സോഷ്യൽ ഫോറസ്ട്രി എന്നു പറയുന്ന ''വന മരുവൽക്കരണ'' വിഭാഗമാണ്. നാടാകെ കാടാക്കാമെന്നും കാടാകെ മരുഭൂമിയാക്കാമെന്നും സത്യം ചെയ്ത് അവർ ഇറങ്ങിയിരിക്കുകയാണ്. ബോണക്കാടിനപ്പുറത്തുള്ള പ്രകൃതിദത്തമായ പുൽമേടുകളിൽ ഇപ്പോഴും നടപ്പാക്കിയിരിക്കുന്നത് മരുവൽക്കരണ പരിപാടിയാണ്. എനിക്ക് ബഹുമാനപ്പെട്ട ശ്രീ. കെ. പി. നൂറുദ്ദീനോട് ചോദിക്കാനുള്ളത് ഈ സാമൂഹ്യ വനവൽക്കരണം നാട്ടിലാക്കിയാൽ പോരേ, ഈ കാടുംകൂടി അവരെ ഏൽപ്പിച്ചുകൊടുക്കണമോ? ഏതായാലും കാടുമുഴുവൻ നശിച്ചു കഴിഞ്ഞു. ഇനി ബാക്കിയുള്ളതുംകൂടി നശിപ്പിച്ചോട്ടെ. പ്രകൃതിദത്തമായ വനം നശിപ്പിക്കാൻ സാമൂഹ്യ വനവൽക്കരണ വിഭാഗത്തെ ഏൽപ്പിച്ചുകൊടുത്തു. അവർക്ക് ഒരു കാര്യവുമുള്ളതല്ല. ഫോറസ്റ്റിനുള്ളതാണ്. സിൽവി കൾച്ചർ വിഭാഗത്തിനുള്ളതാണ്. സിൽവി കൾച്ചർ വിഭാഗത്തേയും ഫോറസ്റ്റ് വകുപ്പിനേയും കവച്ചുവച്ചുകൊണ്ട് അവർ ഒരു ആലോചനയും കൂടാതെ, അവരുമായിട്ട് ഒരു കോ-ഓർഡിനേഷനും കൂടാതെ സാമൂഹ്യ വനവൽക്കരണക്കാർ ജനങ്ങളം അധിവസിക്കുന്ന പ്രദേശം മുഴുവൻ 'വന'മാക്കിയിട്ട് ഇപ്പോൾ പ്രകൃതിദത്തമായ വനത്തിലോട്ട് കയറിയിരിക്കുകയാണ്. ഇത് വളരെ തെറ്റായ ഒരു സംഗതിയാണ്. വനം മുഴുവനും നശിച്ചുപോകും. ഒരു ക്യാനോപ്പി വന്നുകഴിഞ്ഞാൽ പുതിയ പുല്ല് വളരുകയില്ല, ക്യാനോപ്പി നിൽക്കുകയുമില്ല. ഞാൻ അതിന്റെ ഉദ്യോഗസ്ഥൻമാരോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു കാട്ടിലെ തീയ് തടയാൻ വേണ്ടിയാണിതെന്ന്. കാട്ടിലെ തീയ് എങ്ങനെയാണ് അക്കേഷ്യയും യൂക്കാലിയും തടയുകയെന്നുള്ളത് എത്ര ആലോചിച്ചു നോക്കിയിട്ടും, ഇതിന്റെ ലിറ്ററേച്ചർ നോക്കിയിട്ടും ഒന്നും മനസ്സിലാകുന്നില്ല. ലിറ്ററേച്ചർ നോക്കിയിട്ട് മനസ്സിലാക്കാൻ കഴിഞ്ഞത്, ബോംബെ നാചുറൽ ഹിസ്റ്ററി മ്യൂസിയം സൊസൈറ്റിയുടെ ജേർണലും അതുപോലുള്ള വിദഗ്ദ്ധൻമാരുടെ ജേർണലും നോക്കിയിട്ട് മനസ്സിലായത് അവർക്കാർക്കും പുൽമേടുകളെ ഉണ്ടാക്കുന്നതെങ്ങനെ എന്ന കാര്യത്തിൽ ഒരു ഏകാഭിപ്രായം ഇല്ല എന്നാണ്. പുൽമേടുകളിൽ ഇതുപോലെ വനിതോതിൽ മരങ്ങൾ വച്ചുപിടിപ്പിച്ചാൽ പിന്നെയും പുല്ല് വളരും എന്നു പറയുന്നത് എത്ര ആലോചിച്ചിട്ടും എത്രതന്നെ വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങൾ പരിശോധിച്ച് നോക്കിയിട്ടും മനസ്സിലാകാത്ത കാര്യമാണ്. പുല്ലും നശിക്കും മൃഗങ്ങളും നശിക്കും. കേരളത്തിലെ തൊഴിലില്ലാത്ത ആളുകളെല്ലാം തമിഴ്നാട്ടിലും മറ്റുമൊക്കെപോയി ഹോട്ടലിൽ എച്ചിലില എടുക്കുന്നുണ്ട്. ഇനി ഇപ്പോൾ ശ്രീ. കെ. പി. നൂറുദ്ദീന്റെ സഹായത്തിൽ ആനയും കാട്ടുപോത്തുംകൂടി തമിഴ്നാട്ടിലേക്ക് മൈഗ്രേറ്റ് ചെയ്ത് അവിടെ തെണ്ടികളായി മാറുന്ന സ്ഥിതി ഉണ്ടാകരുത്. അതുകൊണ്ട് ഈ പരിപാടി നിർത്തിവയ്ക്കണം. നിർത്തിവച്ചില്ലെങ്കിൽ ഇത് ചെറുക്കുന്നതിന് ഞങ്ങൾക്ക് ആകാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും എന്നുകൂടി പറഞ്ഞുകൊണ്ട് ഇത് അടിയന്തിരമായും നിർത്തിവയ്ക്കാനാള്ള ഉത്തരവ് കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ഇവിടെ വനൃജീവികളോട് ബഹുമാനപ്പെട്ട മെമ്പർ കാണിച്ച സ്നേഹത്തിനും വന സംരക്ഷണത്തിൽ കാണിക്കുന്ന താൽപ്പര്യത്തിനുമെല്ലാം എനിക്ക് അങ്ങേയറ്റം ബഹുമാനമുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച വികാരങ്ങളെയെല്ലാം ഞാൻ മാനിക്കുന്നു. പക്ഷേ ചില വസ്തുതകൾ നമ്മൾ മനസ്സിലാക്കാതെപോയിട്ട് കാര്യമില്ല. നമ്മുടെ രാജ്യത്ത് ഒട്ടാകെ വനവൽക്കരണം നടത്തണമെന്നത് ദേശീയ അടിസ്ഥാനത്തിൽ തീരുമാനിച്ചതാണ്. നഷ്ടപ്പെട്ടുപോയ വനങ്ങൾ നികത്തിയെടുക്കാനും അതുപോലെതന്നെ വനങ്ങളുടേയും വന വിഭവങ്ങളുടേയും കാര്യത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ ഒരു പരിധിവരെയെങ്കിലും പരിഹരിച്ചുകൊടുക്കുന്നതിനും ഉതകണം എന്നതിന്റെ അടിസ്ഥാനത്തിലാണ് ക്ഷയിച്ചുകൊണ്ടിരിക്കുന്ന വനങ്ങളിൽ പുതിയ മരങ്ങൾ നട്ടു വളർത്തി സംരക്ഷിക്കാനും തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ വനവൽക്കരണം നടത്താനും ദേശീയ അടിസ്ഥാനത്തിൽത്തന്നെ പദ്ധതിക്ക് രൂപം നൽകിയത്. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിലും ചില പ്രവർത്തനങ്ങളെല്ലാം നടന്നുവരുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വനൃജീവികൾക്ക് ഇവിടെ രക്ഷയില്ലെന്നാണ്. കേരളത്തിലെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അത് അത്രമാത്രം ശരിയാണെന്നു തോന്നുന്നില്ല. തേക്കടിയിലും ഇരവികുളത്തും 25 വർഷമായി സ്ഥിരമായിട്ട് യൂക്കാലിപ്റ്റസ് വച്ചുവരുന്നു. അവിടെ നിന്നുകിട്ടിയ പുതിയ കണക്കനുസരിച്ച് വനൃജീവികളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. അതിന് രണ്ടുകാര്യമാണുള്ളത്. ഒന്നാമതായി അവയ്ക്ക് വസിക്കുന്നതിനാവശ്യമായ സാഹചര്യം, കഠിനമായ ചൂടിൽ നിന്ന് സംരക്ഷണം നൽകുന്ന അല്പാൽപ്പമായ തണൽ ഇവയൊക്കെ കിട്ടുന്നു. അതോടൊപ്പംതന്നെ അടിക്കാടുകൾ വളർന്നു വരുന്നതുവഴി പക്ഷികൾക്കും മൃഗങ്ങൾക്കും ആവശ്യമായ ഭക്ഷണപദാർത്ഥങ്ങളും ഇവിടെനിന്നു കിട്ടുന്നു. ഇതിനുപുറമെ ഈ തോട്ടങ്ങൾ കാട്ടുതീയുടെ കെടുതിയിൽനിന്ന് വനൃജീവികൾക്കു രക്ഷപ്പെടാനുള്ള ഒരു വലിയ സങ്കേതമായി, രക്ഷയായി മാറുന്നു എന്നതാണ് കണ്ടിട്ടുള്ളത്. ഈ പറഞ്ഞ സ്ഥലത്താണെങ്കിൽ 210 ഹെക്ടറിൽ രണ്ട് സ്ഥലത്തായിട്ടാണ് ഇത് നടത്തുന്നത്. എൻ. ആർ. ഇ. പി. യുടെ ഭാഗമായിട്ടാണ് ഒരിടത്തു നടത്തുന്നത്. വേറെ ഒരു സ്ഥലത്ത് 100 ഹെക്ടറിൽ നടത്തുന്നു. അതേയവസരത്തിൽത്തന്നെ ബഹുമാനപ്പെട്ട മെമ്പറും ഞാനും ഉൾപ്പെടെ ഒരു കാര്യം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അതായത് ഈ പുൽമേടുകൾ സ്ഥിരമായി നായാട്ടുകാർ അവരുടെ താൽപ്പര്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തിവരുന്ന ഒരു കേന്ദ്രമാണ്. അപ്പോൾ ആ കേന്ദ്രം അവർക്ക് നഷ്ടപ്പെടുന്നതിനെ തുടർന്നുള്ള അവരുടെ എതിർപ്പുകൂടി ഇതിന്റെ പിന്നിലുണ്ട് എന്നത് ഒരു വസ്തുതയാണ്. രണ്ടാമത്തേത്, ഇത് നമ്മുടെ പരിസ്ഥിതിയെ അപകടപ്പെടുത്തുമോ എന്ന കാര്യത്തിലുള്ളതാണ്. അവിടെ വച്ചുവരുന്ന മരത്തിന്റെ ഇനത്തിന്റെ കാര്യം ഞാൻ തീർച്ചയായും പരിശോധിക്കാം. അവിടെ യൂക്കാലിപ്റ്റസ് വയ്ക്കുന്നില്ല. എനിക്കു കിട്ടിയ റിപ്പോർട്ടനുസരിച്ച് അക്കേഷ്യയും അതുപോലെ തന്നെ സിൽവർ ഓക്ക്, കാറ്റാടി, ചന്ദനവേപ്പ്, മഹോഗണി, പീലിവാക, വെള്ളപ്പൈൻ ഇത്രയും ഇനങ്ങളാണ് വയ്ക്കുന്നത്. വേറെ രണ്ടു സ്ഥലത്ത് യൂക്കാലിപ്റ്റസ് വച്ചിട്ടും അവിടെ വലിയ അപകടമൊന്നും ഉണ്ടായില്ല. എന്തായാലും ശരി വനൃജീവിസംരക്ഷണ കേന്ദ്രങ്ങളിലെ വനൃജീവി

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിന് ഇതുകൊണ്ട് അപകടമൊന്നും വരികയില്ലെന്നതാണ് ഇപ്പോഴത്തെ അഭിപായം. ഈ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിച്ച് വന്യജീവികളുടെ സംരക്ഷണത്തിനും വനങ്ങളുടെ സംരക്ഷണത്തിനും പരിസ്ഥിതിയുടെ സംരക്ഷണത്തിനും ഉറപ്പു വരുത്തുവിധത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ് എന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, അത് ശരിയല്ല. അവിടെ വയ്ക്കുന്നത് യൂക്കാലിപ്റ്റസും അക്കേഷ്യയും മാത്രമാണ്. അതുവച്ചാൽ വന്യജീവി മാത്രമല്ല, പുല്ലും പോകും മണ്ണും പോകും. അതുകൊണ്ട് അതുമുഴുവൻ സമ്പ്രമായിട്ട്, അടിമുടി പുനഃപരിശോധിക്കണം. ഫോറസ്റ്റുകാരുടെ അനുവാദം കൂടാതെയാണ് സോഷ്യൽ ഫോറസ്ട്രിക്കാർ അവിടെ ഇതെല്ലാം ചെയ്യുന്നത്. 200 ഏക്കർ അല്ല 200 ജോലിക്കാരെ വച്ച് ഒരുമാസമായി അവിടെ പണിചെയ്യുകയാണ്. അതുകൊണ്ട് ഇത് അടിമുടി പരിശോധിച്ചുകൊണ്ട് ഇത് നിർത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഞാൻ നേരത്തേ പറഞ്ഞു 110 ഹെക്ടർ ഒരു സ്ഥലത്തും 100 ഹെക്ടർ വേറൊരു സ്ഥലത്തും വനവൽക്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. യൂക്കാലിപ്റ്റസ് വച്ചാൽ അപകടമുണ്ടോ ഇല്ലയോ എന്നുള്ള പ്രശ്നം ഇന്ത്യാരാജ്യത്തുള്ള ശാസ്ത്രജ്ഞൻമാർക്കിടയിൽ, ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞൻമാർക്കിടയിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. അത് ഇപ്പോൾ നമ്മൾ തർക്കിച്ചിട്ട് കാര്യമില്ല. എന്തായിരുന്നാലും ഈ പ്രദേശത്ത് യൂക്കാലിപ്റ്റസ് വയ്ക്കുന്നില്ല എന്നുള്ളതാണ് ഗവൺമെൻറിന് കിട്ടിയ വിവരം. അത് ഒന്നുകൂടി ഞാൻ പരിശോധിക്കാം.

(2) വെളിച്ചെണ്ണയുടെയും റബ്ബറിന്റെയും ഇറക്കുമതി

ശ്രീ. വി. വി. ജോസഫ്: സർ, കേരളത്തിലെ കൃഷിക്കാരുടേയും അതുവഴി ഈ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടേയും നട്ടെല്ലൊടിക്കുന്ന കേന്ദ്ര ഗവൺമെൻറിന്റെ ഇറക്കുമതി നയം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷം നാളികേരത്തിന്റെ വിലയിടിഞ്ഞ് നാളികേരം വാങ്ങാൻതന്നെ ആളില്ലാത്ത സാഹചര്യം ഉണ്ടായിരുന്നു. നമ്മൾ പല നടപടികളും സ്വീകരിച്ചു. മാർക്കറ്റിംഗ് ഫെഡറേഷൻ നാളികേരവും കൊപ്രയും വാങ്ങി കോടിക്കണക്കിനു രൂപയുടെ നഷ്ടം വരുത്തിവച്ചു. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെൻറ് വെളിച്ചെണ്ണ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നതായി കേന്ദ്രമന്ത്രി ശ്രീ. യോഗേന്ദ്ര മകാന കഴിഞ്ഞ പാർലമെൻറ് സമ്മേളനത്തിൽ പറയുകയുണ്ടായി. സർ, ഇന്നുതന്നെ വെളിച്ചെണ്ണയ്ക്ക് 40 രൂപ കുറഞ്ഞിരിക്കുന്നു. ഒന്നര രൂപയാണ് ഇപ്പോൾ ഒരു നാളികേരത്തിന് കിട്ടുന്നത്. അങ്ങനെ, വിലയിടിവിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് കേരളത്തിലെ കേരകർഷകർ വേദനിക്കുമ്പോൾ ക്ഷ്യ എണ്ണ എന്ന പേരുപറഞ്ഞ് നമ്മുടെ സോപ്പു നിർമ്മാതാക്കൾ വൻതോതിൽ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നത് വളരെ ക്രൂരമായിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly